# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.*32 – 29/06/2016 ലെ മറുപടിക്ക്**

## ധന ഉത്തരവാദിത്വ നിയമം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) മുൻ സർക്കാർ പാസാക്കിയ ധന ഉത്തരവാദിത്വ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; മുൻ സർക്കാരിന് അതു പാലിക്കുന്നതിന് സാധിച്ചുവോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ; | 2011 ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 എപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്. റവന്യൂമിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളെക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തേണ്ടതാണ്.<br>ഇതേ ആക്ട് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14 ൽ 3 ശതമാനമായി കുറച്ചുകൊണ്ടു വരുന്നതിലൂടെ 2011 എപ്രിൽ 1 ന് ആരംഭിച്ച് 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.<br>അതു പോലെ തന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം |

സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 %, 31.7 %, 30.7 %, 29.8 % എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടു വരുന്നതിലൂടെ 2011 എപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതാണ്.

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ റവന്യൂകമ്മി, ധനകമ്മി, കടബാദ്ധ്യത, തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

(ജി.എസ്.ഡി.പി യുടെ ശതമാനത്തിൽ)

| | 2011-12 | | 2012-13 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| റവന്യൂകമ്മി | 1.4 | 2.61 | 0.9 | 2.68 | 0.5 | 2.44 | 0 | 2.65 |
| ധനകമ്മി | 3.5 | 4.16 | 3.5 | 4.29 | 3 | 3.66 | 3 | 3.59 |
| കടബാദ്ധ്യത | 32.3 | 29.04 | 31.7 | 29.64 | 30.7 | 26.71 | 29.8 | 26.05 |

13 -ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 2011 ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ക്രമാനുഗതമായി വർദ്ധിച്ച് വരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായവ റവന്യൂ ചെലവുകളും നികുതി (Tax-GSDP) വളർച്ച നിരക്കിലുള്ള കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. എന്നാൽ കടബാദ്ധ്യത ജി.എസ്.ഡി.പിയുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥയോടുള്ള സമീപനം വ്യക്തമാക്കുമോ;

റവന്യൂകമ്മി കുറച്ചുകൊണ്ടുവരുക എന്ന നിബന്ധനയോട് സർക്കാരിന് യോജിപ്പാണ്. എന്നാൽ അനിവാര്യ ചെലവുകൾ വെട്ടിക്കുറച്ച് കൊണ്ടോ അവ മാറ്റിവെച്ച് കൊണ്ടോ അല്ല ഈ ലക്ഷ്യം കൈവരിക്കേണ്ടത്. തനതു നികുതി വരുമാനം വർദ്ധിപ്പിച്ച് കൊണ്ട്

| | |
|---|---|
| • | റവന്യൂകമ്മി പടിപടിയായി കുറച്ചു കൊണ്ടു വരിക എന്നാതാണ് സർക്കാരിന്റെ സമീപനം. എന്നാൽ സംസ്ഥാനങ്ങളുടെ Debt Sustainability പരിഗണിക്കാതെ ധനകമ്മിക്ക് ഒരു ഏകീകൃത പരിധി നിശ്ചയിക്കുന്നത് ഇപ്പോഴത്തെ ആഗോള സാമ്പത്തിക വ്യവസ്ഥിതിയിൽ അഭികാമ്യമല്ല. ധനഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിക്കുന്ന കടബാദ്ധ്യത ജി.എസ്.ഡി.പിയുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനങ്ങളുടെ Debt Sustainability അടിസ്ഥാനമാക്കി ധനകമ്മിയുടെ ലക്ഷ്യം നിശ്ചയിക്കുകയും അതിലൂടെ വികസനപ്രവർത്തനങ്ങൾക്കായി കൂടുതൽ വായ്പ എടുക്കുന്നതിനായി സംസ്ഥാനങ്ങളെ അനുവദിക്കേണ്ടതുമാണ്. |
| (സി)സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനുതകും വിധം കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മുന്നിൽ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം (Vertical Devolution) 32 % ൽ നിന്ന് 42 % ആയി വർദ്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ വിഹിതം (Horizontal Devolution) 2.34 % ൽ നിന്ന് 2.50 % ആയി വർദ്ധിപ്പിച്ചെങ്കിലും സംസ്ഥാനങ്ങൾക്ക് നൽകുന്ന ആകെ വിഹിതം മുൻകാലങ്ങളിലെപ്പോലെ 61-62 % ആയി മാത്രം നിലനിർത്തിയതു കാരണം കേന്ദ്ര നികുതിയിനങ്ങളുടെ സംസ്ഥാന വിഹിതത്തിൽ മിതമായ വർദ്ധനമാത്രമാണ് ഉണ്ടായിട്ടുള്ളത്. 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന വർദ്ധനവിന്റെ സിംഹഭാഗവും കേന്ദ്ര സർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രവിഹിതം വെട്ടിക്കുറച്ച പദ്ധതികളും നടപ്പിലാക്കുന്നതിനായി ചെലവഴിക്കേണ്ടിവരുന്നതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുന്നു.<br><br>ധനഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ധനകമ്മിയുടെ പരിധിക്കുള്ളിൽ തന്നെ കടമെടുപ്പ് നിർത്തേണ്ടി വരുന്നതിനാലും റവന്യൂ ചെലവ് ഒരു പരിധിക്കപ്പുറം കുറയ്ക്കുവാൻ കഴിയാത്തതും കാരണവും വികസന ചെലവുകൾക്ക് പണം തികയാതെ വരുന്നു ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ, നിലവിലെ എഫ്.ആർ.ബി.എം ആക്ട് അവലോകനം ചെയ്യുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നിയമിച്ച എഫ്.ആർ.ബി.എം കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു |

അക്കൗണ്ട്സ് ഓഫീസർ